**ശ്രദ്ധക്ഷണിക്കൽ**

(യു.ഡി.എഫ്. അംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരണം

ശ്രീ. എസ്. ശർമ്മ: സർ, ദശലക്ഷക്കണക്കിനുവരുന്ന ജനങ്ങളുടെ കുടിവെള്ള സ്രോതസ്സായ പെരിയാറിനെ മാലിന്യമുക്തമാക്കി സംരക്ഷിക്കുവാൻ പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിലെ നിരവധി പ്രധാനപ്പെട്ട നഗരങ്ങളിലെയും സമീപഗ്രാമപ്രദേശങ്ങളിലെയും പൊതുസമൂഹത്തിന്റെ ശുദ്ധജലത്തിനായുള്ള ഏക ആശ്രയം പെരിയാറാണ്. അതുകൊണ്ടാണ് ലൈഫ് ലൈൻ ഓഫ് കേരള, കേരളത്തിന്റെ ജീവിതരേഖ എന്ന് പെരിയാർ അറിയപ്പെടുന്നത്. ഇത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സുപ്രധാനമായ പങ്കുവഹിക്കുന്നുണ്ട്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ കൃഷി, വ്യവസായം, ജലസേചനം, കുടിവെള്ളം എന്നീ മേഖലകൾക്കും നമ്മുടെ

നാടിന്റെ വൈദ്യുതി ആവശ്യത്തിനും സുപ്രധാന ആശ്രയമാണ് പെരിയാർ. പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടും ഇടുക്കി, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ തുടങ്ങിയ വൈദ്യുതി പ്രോജക്ടുകളും വ്യാവസായിക നഗരമായ കൊച്ചിയിലെ മഹാഭൂരിപക്ഷം വരുന്ന വ്യവസായങ്ങളും പെരിയാറിനെ ആശ്രയിച്ചുള്ളതാണെന്ന് എല്ലാവർക്കുമറിയാം. ഇത്തരത്തിൽ കേരളത്തിന്റെ ചരിത്രത്തിലും അതിന്റെ വികാസത്തിലും പൈതൃകത്തിലും നിർണ്ണായകമായ, ഉത്തരവാദിത്വപരമായ പങ്കാണ് പെരിയാർ വഹിച്ചുവരുന്നത്. പെരിയാർ വഹിക്കുന്ന ഈ പങ്കാണ് വയലാറിന്റെ കാവ്യഭാവനയിൽ മലയാളി പെൺകൊടിയായി പെരിയാറിനെ വരച്ചുകാണിച്ചിരിക്കുന്നത്. ....(ബഹളം)......

<u>മി. സ്പീക്കർ</u>: പ്ലീസ്...... പ്ലീസ്..... പ്രതിഷേധം അതിരുകടക്കരുത്. ഇത് ലോകം മുഴുവൻ കാണുന്നുണ്ട്. ......(ബഹളം)......

<u>ശ്രീ. എസ്. ശർമ്മ:</u> പരിസ്ഥിതിയെ നിരാകരിച്ചുകൊണ്ടോ വ്യവസായത്തെ നിരാകരിച്ചുകൊണ്ടോ ഉള്ള മാർഗ്ഗമല്ല സ്വീകരിക്കേണ്ടത്. പെരിയാർ സംരക്ഷണത്തിനുവേണ്ടി സർക്കാർ തലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ഇതിന്റെ ഭാഗമായി പ്രശസ്ത ശാസ്ത്രജ്ഞന്മാർ, സബ്ജക്ട് എക്സ്പെർട്ടുകൾ, പ്രമുഖ വ്യക്തികൾ എന്നിവരടങ്ങുന്ന ഒരു പാനലിന്റെ

നേതൃത്വത്തിൽ അടിയന്തരമായി പെരിയാർ ജല ഓഡിറ്റ് നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. അതോടൊപ്പം പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് ഗവൺമെന്റ് മുൻകൈയ്യെടുക്കണമെന്നും ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ഈ സഭയിൽ ഇതിനുമുമ്പും പ്രതിഷേധങ്ങളുണ്ടായിട്ടുണ്ട്. ഇങ്ങനെയൊന്നും ആരും കാണിച്ചിട്ടില്ല. മര്യാദയില്ലാത്ത രീതികൾ സ്വീകരിക്കരുത്.

.....(ബഹളം)........

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ ഏറ്റവും നീളം കൂടിയ നദിയായ പെരിയാറിൽ ആറ് ജലവൈദ്യുത പദ്ധതികളുള്ളതുകൊണ്ടും കാർഷിക കാർഷികേതര ഗാർഹിക അവശ്യങ്ങൾക്ക് പെരിയാറിൽനിന്നും ജലം ഉപയോഗിക്കുന്നതിനാലും വേനൽക്കാലത്ത് നീരൊഴുക്ക് കുറയുവാൻ ഇടയാകുന്നു. തൻമൂലം വേമ്പനാട്ട് കായലിൽനിന്നും ഉപ്പുവെള്ളം കയറിയും വ്യവസായ ശാലകളിൽനിന്നുള്ള മാലിന്യങ്ങൾ രാസ കീടനാശിനികൾ, രാസവളം എന്നിവ വിവിധ മാർഗ്ഗങ്ങളിലൂടെ നദിയിൽ എത്തിയും പെരിയാറിലെ ജലം മലിനമാകുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധ നടപടികളിലൂടെ മലിനീകരണം നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ നദികൾ സംരക്ഷിക്കുകയെന്ന

ലക്ഷ്യത്തോടെ കൊണ്ടുവന്ന 'കേരള ജലസേചനവും ജല സംരക്ഷണവും (ഭേദഗതി) ബിൽ 2013' ലാപ്സായതിനെത്തുടർന്ന് പ്രസ്തുത ബിൽ വീണ്ടും നിയമസഭയിൽ അവതരിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നദീതടങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന ഒരു സംസ്ഥാന നദീതട അതോറിറ്റിയും അതിനുകീഴിൽ വിവിധ നദീതട ബോർഡുകളും രൂപീകരിക്കുവാൻ പ്രസ്തുത ബിൽ വിഭാവന ചെയ്യുന്നുണ്ട്. പ്രസ്തുത അതോറിറ്റി നിലവിൽ വരികയാണെങ്കിൽ നദീ മലിനീകരണങ്ങൾ തടയുന്നതിനുള്ള നിയന്ത്രണങ്ങൾ കൂടുതൽ ശക്തമാക്കാൻ സാധിക്കും. കേരളത്തിലെ നദികൾക്ക് പ്രത്യേകം പ്രത്യേകം അതോറിറ്റികളെക്കാൾ അനുയോജ്യം കേരളത്തിലെ നദികൾ ചേർന്ന് നദീതട അതോറിറ്റി രൂപീകരിക്കുകയാണ്. നദികളിലെ നീരൊഴുക്ക്, ജൈവ വൈവിദ്ധ്യം എന്നിവ നിലനിർത്തുവാനുതകുന്ന തരത്തിൽ നദീതട മാസ്റ്റർ പ്ലാനുകൾക്ക് രൂപം കൊടുക്കുവാനും സംയോജിത നദീതട പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുവാനും പ്രസ്തുത അതോറിറ്റിക്ക് കഴിയും. ഇക്കാരണത്താൽ പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനെക്കാൾ ഉചിതം സംസ്ഥാനതല അതോറിറ്റിയും അതിനുകീഴിൽ വരുന്ന നദീതട ബോർഡുകളുടേയും രൂപീകരണമായിരിക്കുമെന്നാണ് സർക്കാർ കരുതുന്നത്. ഈ കാര്യത്തിൽ കഴിഞ്ഞ

ദിവസം അഖിലേന്ത്യാ തലത്തിലുണ്ടായ വിഷയംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു. നീതി ആയോഗിന്റെ ഒരു യോഗം കഴിഞ്ഞ ദിവസം വിളിച്ചിരുന്നു. ആ യോഗത്തിൽ കേരളത്തിലെ മൂന്ന് നദികളുടെ നവീകരണ നടപടികൾ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽ ഒന്ന് പെരിയാറും മറ്റൊന്ന് വേമ്പനാട് കായലും അതോടൊപ്പംതന്നെ ഭാരതപ്പുഴയുമാണ്. ഇവ മൂന്നും ആദ്യഘട്ടമെന്ന നിലയിൽ ശുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അതിന് മുമ്പുതന്നെ നീതി ആയോഗിന്റെ അധികൃതരുമായി ചർച്ച നടത്തിയിരുന്നു. ഈ കാര്യത്തിൽ ആവശ്യമായ എല്ലാ സഹകരണവും പിന്തുണയും നൽകാൻ സന്നദ്ധമാണെന്ന് നീതി ആയോഗും ഉറപ്പ് നൽകിയിട്ടുണ്ട്. ഈ കാര്യത്തിൽ ഓരോ നദിയേയും സംബന്ധിച്ച വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതുണ്ട്. ആ നടപടികളിലേക്ക് കടക്കാനും സർക്കാർ ഉദ്ദേശിക്കുകയാണെന്ന് ഇതോടൊപ്പം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. എസ്. ശർമ്മ: സർ, അവിടെ എല്ലാ തലങ്ങളിലുമുള്ളവർ ചേർന്ന് പ്രത്യേകം യോഗം ചേർന്നപ്പോൾ ചില സോഴ്സുകളിൽനിന്നുള്ള ജലം തീരെ ഉപയോഗിക്കാൻ കഴിയാത്ത വിധം മലിനമായി തീർന്നിരിക്കുന്നുവെന്ന്

മനസ്സിലായിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ജല ആഡിറ്റ് എന്ന പ്രൊപ്പോസൽ വിദഗ്ദ്ധർ മുമ്പോട്ടുവയ്ക്കുന്നുണ്ട്. ആ കാര്യം പരിശോധിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇന്നത്തെ ഘട്ടത്തിൽ പൊതുവായി ജല ആഡിറ്റിംഗിലേയ്ക്ക് കടക്കേണ്ടതുണ്ട്. അത്തരമൊരു അവസ്ഥയിലേയ്ക്കാണ് നമ്മൾ എത്തിച്ചേർന്നിട്ടുള്ളത്. ആ കാര്യങ്ങളും പരിശോധിക്കാം.